കെ. എസ്. ആർ. ടി. സി. യിലെ പങ്കാളിത്ത പെൻഷൻ പദ്ധതി

204 (3993) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.യിൽ പുതുതായി സർവ്വീസിൽ ചേരുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ആലോചനയുണ്ടോ ?

ഉത്തരം

(എ) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ഡീസലിന് പകരം പ്രകൃതിവാതകം

205 (3994) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06-ൽ കെ.എസ്.ആർ.ടി.സി.യിൽ ഒരു ലിറ്റർ ഡീസലിന് എത്ര കിലോമീറ്റർ ഇന്ധനക്ഷമത കിട്ടുമായിരുന്നു ; ആയത് ഇപ്പോൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ആയതുവഴി ഓരോ മാസവും എത്ര കോടി രൂപ കെ.എസ്.ആർ. ടി.സി.ക്ക് ലാഭിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ ;

(സി) ഡീസലിനെ അപേക്ഷിച്ച് പ്രകൃതി വാതകം ഉപയോഗിച്ചു തുടങ്ങിയാൽ കെ.എസ്.ആർ.ടി.സി.ക്ക് വരുന്ന ഇന്ധനചെലവ് എത്ര ശതമാനമായി കുറയ്ക്കുവാൻ കഴിയുമെന്നും ആയതുവഴി പ്രതിമാസം എത്ര കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ഡി) പരിസ്ഥിതി സൗഹാർദ്ദപരമായ പ്രകൃതിവാതക പദ്ധതി അടിയന്തരമായി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2005-06-ൽ ഒരു ലിറ്റർ ഡീസലിന് 3.87 കി. മീറ്റർ ഇന്ധനക്ഷമതയാണ് ലഭിച്ചിരുന്നത്. ഇപ്പോൾ ഒരു ലിറ്റർ ഡീസലിന് 4.27 കി. മീറ്റർ ആയി വർദ്ധിച്ചു.

(ബി) പ്രതിമാസം 1,34,82,852 രൂപ ലാഭിക്കുവാൻ കഴിഞ്ഞു.

(സി) സി. എൻ. ജി. ഉപയോഗിക്കുമ്പോൾ കെ. എസ്. ആർ. ടി. സി. യുടെ ഇന്ധന ചെലവിൽ 45% കുറവ് പ്രതീക്ഷിക്കുന്നു. 2012-13-ൽ കേരളത്തിൽ സി. എൻ. ജി. ലഭ്യമാകുമ്പോൾ അന്നത്തെ ഡീസലിന്റേയും സി. എൻ. ജി. യുടേയും വില കണക്കാക്കി മാത്രമേ യഥാർത്ഥ ലാഭം കണക്കാക്കാൻ കഴിയൂ.

(ഡി) 2012-13-ഓടെ കേരളത്തിൽ സി. എൻ. ജി. ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു. അപ്പോൾ കെ. എസ്. ആർ. ടി. സി. വാഹനങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

സി. എൻ. ജി. ഉപയോഗിക്കുവാനുള്ള നടപടികൾ ആലോചിച്ചുവരുന്നു. കെ. എസ്. ആർ. ടി. സി. വാഹനങ്ങൾക്കാവശ്യമായ സി. എൻ. ജി. യുടെ അളവും അവയുടെ ഉപഭോഗതോതും മറ്റു വിവരങ്ങളും ബന്ധപ്പെട്ട ഗ്യാസ് ഏജൻസിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. അനുവദിച്ച പുതിയ ഫെയർ സ്റ്റേജ് പോയിന്റുകൾ

206 (3995) ശ്രീ. സി. എം. ദിനേശ്മണി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി. ഏതെല്ലാം പോയിന്റുകളാണ് പുതിയതായി ഫെയർസ്റ്റേജ് പരിഷ്ക്കരണക്കിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

പുതിയതായി അനുവദിച്ച ഫെയർ സ്റ്റേജുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഫെയർ സ്റ്റേജ് പുനർനിർണ്ണയിക്കാൻ നടപടി

207 (3996) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഫെയർ സ്റ്റേജ് പുനർനിർണ്ണയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഫെയർ സ്റ്റേജ് വിഷയത്തിൽ തീരുമാനമെടുക്കാൻ കമ്മിറ്റി രൂപീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ ; എങ്കിൽ കമ്മിറ്റി രൂപീകരിക്കുകയുണ്ടായോ ; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ

(സി) സ്വകാര്യ ബസ്സിന് സംസ്ഥാനത്ത് നാല് രൂപയാണ് മിനിമം ചാർജ്ജ് രണ്ടര കിലോ മീറ്ററോ ചിലപ്പോൾ അതിലും കുറഞ്ഞ ദൂരമേ ഈ തുകകൊണ്ട്, ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അപാകതമൂലം ഇപ്പോൾ യാത്രാ ചെയ്യാൻ കഴിയൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് പരിഹരിക്കാൻ ഫെയർ സ്റ്റേജ് അടിയന്തിരമായി പുനർനിർണ്ണയിക്കുമോ ?

ഉത്തരം

(എ) 4-6-2010-ന് ചേർന്ന കെ. എസ്. ആർ. ടി. സി. യുടെ ഡയറക്ടർ ബോർഡ് യോഗം പുതിയ ചില ഫെയർ സ്റ്റേജുകളും, ഐഡന്റിക്കൽ ഫെയർ സ്റ്റേജുകളും, നിലവിലുള്ള ഫെയർ സ്റ്റേജുകളുടെ പുനർനിർണ്ണയവും നടപ്പിൽ വരുത്തുവാൻ തീരുമാനിക്കുകയുണ്ടായി. ആ തീരുമാനത്തിന്റെ വെളിച്ചത്തിൽ 30-6-2010 അർദ്ധരാത്രി മുതൽ അവ നിലവിൽ വന്നു.

(ബി) ഗതാഗത മേഖലയിലെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചും, യാത്രാക്കൂലി, കുറഞ്ഞ നിരക്കിൽ യാത്രചെയ്യാവുന്ന ദൂരം തുടങ്ങിയ മറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly